# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1571** **07.06.2018-ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 41 മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 4 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. 3 മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മത്സ്യവിപണന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചു വയ്ക്കുന്നതായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യ മാർക്കറ്റുകളിൽ ഒരുക്കിയിട്ടുണ്ട്.<br><br>കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും ലാന്റിംഗ് സെന്ററുകളിലും, മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം |

| | | |
|---|---|---|
| | | ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതുകൂടാതെ സംസ്ഥാനത്തുടനീളം 60 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി കൺസപ്റ്റ് നോട്ട് തയ്യാറാക്കി വരുന്നു.<br><br>സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് വിവിധ ജില്ലകളിലായി 31 ഫിഷ്മാർട്ടുകൾ മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് ഒരു മൊബൈൽ ഫിഷ്മാർട്ടും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 29 ഫിഷ് റീട്ടെയിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>മത്സ്യമാർക്കറ്റുകൾ, ഹാർബറുകൾ, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയിലെ മത്സ്യ വിപണനത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മത്സ്യ ലേലം ക്രമീകരിക്കുന്നതിനും ലക്ഷ്യമിട്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. |
| ബി) | ഇതിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ; | ബി) സംസ്ഥാനത്ത് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ആരോഗ്യകരവും ശുചിത്വപൂർണ്ണമായ മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടി ഫിഷ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br><br>(എ) കിഫ്ബി ധനസഹായത്തോടെ 60 മാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>(ബി) മത്സ്യഫെഡ് വഴി പുതുതായി 20 ഫിഷ് ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>(സി) മത്സ്യഫെഡ് വഴി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുവേണ്ടി അമോണിയ, ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിനുവേണ്ടി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പുതിയ ടെസ്റ്റ് കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് മത്സ്യത്തിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിച്ചു വരുന്നു. |

| | |
|---|---|
| | (ഡി) മത്സ്യഫെഡ് വഴി മൊബൈൽ ഫിഷ് മാർട്ട് പ്രവർത്തിച്ചു വരുന്നു.<br><br>(ഇ) മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി രാഷ്ട്രീയ കൃഷി വികാസ് ആവാസ് യോജന പദ്ധതികളും നിലവിലുണ്ട്. |
| സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ച് വരുന്നതെന്ന് വിശദമാക്കുമോ? | സി) ഫിഷറീസ് വകുപ്പ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, എൻ.എഫ്.ഡി.ബി എന്നീ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**